കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പനവൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.6/2625/2018

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി: 05.03.19

ഫോൺ-0471-2331231

ഇ-മെയിൽ- lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

പനവൂർ ഗ്രാമ പഞ്ചായത്ത്,

സർ

വിഷയം : പനവൂർ ഗ്രാമപഞ്ചായത്ത് - 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) -ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.6/2625/2018

തീയതി: 05.03.19

**തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.04.2017മുതൽ 30.11.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ചതിൻ ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാജൻലാൽ.എസ്.ജെ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.11.2018മുതൽ 30.11.2018വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ശ്രീജ.കെ., ഓഡിറ്റ് ഓഫീസർ<br>ശ്രീ.രാജേഷ്.ആർ.,സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീമതി.രേഖ.സി.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീ.ലിപു.എസ്. ലോറൻസ്, ഓഡിറ്റർ<br>ശ്രീ.സഫീർ അഹമ്മദ്.എ.ആർ., ഓഡിറ്റർ<br>ശ്രീമതി.കല.പി. ,ഓഡിറ്റർ. |

(ബി) നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീ. എസ്. വി കിഷോർ |

| | |
|---|---|
| | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. കെ. ബി .സന്തോഷ് കുമാർ<br>01.04.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ഷായിസ്. | 01.04.17 മുതൽ 31.3.18 വരെ |
| അസി. എഞ്ചിനീയർ | ശ്രീമതി.രമാകുമാരി.ബി.ആർ | 01.04.17 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.പ്രീത.എസ്.ആർ | 01.04.2017മുതൽ<br>31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | ഡോ.സോഫി. ആർ. ദാസ് | 01.04.2017മുതൽ<br>31.3.18 വരെ |
| വെറ്ററിനറി സർജൻ | ഡോ.മനു.പി.രവീന്ദ്രൻ | 01.04.2017മുതൽ<br>31.03.2018 വരെ |
| ഹെഡ്മാസ്റ്റർ, ആട്ടുകാൽ യു.പി.എസ്. | ശ്രീ.ബുഹാരി.കെ | 1.4.17 മുതൽ 31.3.18വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ലേഖ. | 01.04.2017 മുതൽ<br>31.03.2018 വരെ |
| വി.ഇ.ഒ | ശ്രീ.പ്രേംകുമാർ.വൈ | 01.04.2017മുതൽ 31.03.2018 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം. | 1-3 | |

| | | | |
|---|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം - 2 | | |
| 12 | ബജറ്റ് രൂപീകരണം -നടപടിക്രമം പാലിച്ചില്ല | 2-1 | |
| 13 | ആവശ്യമായ രേഖകളുടെ അഭാവത്തിൽ ഡി & ഒ ലൈസൻസ് നൽകിയിരിക്കുന്നു. | 2-2 | |
| 14 | പൊതു മാർക്കറ്റ് പൂട്ടിക്കിടക്കുന്നു-പൊതുവഴിയിൽ മത്സ്യ-മാംസ വിൽപ്പന | 2-3 | |
| 15 | കടമുറി ലേലത്തിൽ പോയില്ല- പഞ്ചായത്തിന് നഷ്ടം | 2-4 | |
| 16 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച്. | 2-5 | |
| 17 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി സംബന്ധിച്ച്. | 2-6 | |
| | ഭാഗം-3 | | |
| 18 | ഘടകസ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങൽ - അപാകങ്ങൾ | 3-1 | |
| 19 | സ്മാർട്ട് ക്ലാസ്റൂം നിർമ്മാണം - പദ്ധതിക്കായി ഉപകരണങ്ങൾ വാങ്ങിയത് പ്രൊക്വർമെന്റ് മാനദണ്ഡങ്ങൾ പാലിക്കാതെ - 19100/- രൂപ നിരാകരിക്കുന്നു. | 3-2 | |

| | | | |
|---|---|---|---|
| 20 | സർക്കാർ ഉത്തരവിനു വിരുദ്ധമായി WBM സബ് ബേസ് കോഴ്സ് ഉപയോഗിച്ചു-അധിക നിരക്ക് നൽകി-85432/- രൂപ നിരാകരിക്കുന്നു. | 3-3 | |
| 21 | കരിഞ്ചു മുത്തുക്കാവ് റോഡ് നവീകരണം-എംബാങ്ക് മെന്റ് നിർമാണം- കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല-അധിക തുകനല്കി-14732/- രൂപ നിരാകരിക്കുന്നു. | 3-4 | |
| 22 | അംബേദ്കർ ഗ്രാമം മാങ്കുഴി റോഡ് ഓട കോൺക്രീറ്റ് സൈഡ് വാൾ നിർമ്മാണം- അധിക നിരക്ക് നൽകി. | 3-5 | |
| 23 | ടെൻഡർ സ്പെസിഫിക്കേഷനിൽ നിന്ന് വ്യതിചലിച്ച് ബയോഗ്യാസ് പ്ലാന്റ് വാങ്ങി-4900/-രൂപ നഷ്ടം | 3-6 | |
| 24 | പട്ടികജാതിയിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം - പദ്ധതി നടത്തിപ്പിൽ അപാകത 46800/- രൂപ തടസ്സപ്പെടുത്തുന്നു. | 3-7 | |
| 25 | ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ അപാകത കാരണം സബ്സിഡി തുക ദുരുപയോഗം ചെയ്യപ്പെട്ടു-60000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-8 | |
| 26 | ആട് വളർത്തൽ പദ്ധതികൾ- പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല. | 3-9 | |
| 27 | മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നില്ല. 35,599രൂപ തടസ്സപ്പെടുത്തുന്നു | 3-10 | |
| 28 | വൃദ്ധർക്ക് കട്ടിൽ വാങ്ങൽ അപാകങ്ങൾ | 3-11 | |
| 29 | വാഹനപരിപാലനം സംബന്ധിച്ച രേഖകൾ പരിപാലിക്കുന്നില്ല | 3-12 | |
| | ഭാഗം - 4 | | |
| 30 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |

| | | | |
|---|---|---|---|
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 33 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 35 | ഓഡിറ്റ് റിക്കവറി | 4-6 | |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18വർഷത്തെ ബജറ്റ് 24.03.17 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 17,99,85,684/-രൂപ വരവും 17,89,77,060/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. യഥാർത്ഥ വരവ് 7,39,14,595/-രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 6,99,17,190/- രൂപയുമാണ് (റസീപ്റ്റ് & പേമെന്റ് പ്രകാരം) .

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 5.5.18 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം.

കെ.എസ്.എ.റ്റി.വി.എം.ജി.പി6/1903/18 തീയതി.05.09.18 പ്രകാരം സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം(റസീപ്റ്റ് &പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 70,02,169/- |
| വരവ് | 6,69,12,426/- |

| | |
|---|---|
| ആകെ | 7,39,14,595/- |
| ചെലവ് | 6,99,17,190/- |
| നീക്കിയിരിപ്പ് | 39,97,405/- |

## 1-5 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഇനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വി.ഫ ജനറൽ | 0 | 1,61,74,451/- | 1,61,74,451/- | 1,61,74,451/- | 0 |
| വി.ഫ എസ്.സി.പി | 0 | 43,51,331/- | 43,51,331/- | 43,51,331/- | 0 |
| വി.ഫ റ്റി.എസ്.പി | 0 | 9,04,605/- | 9,04,605/- | 9,04,605/- | 0 |
| മെയിന്റനൻസ്, റോഡ് | 0 | 1,16,43,158/- | 1,16,43,158/- | 1,16,43,158/- | 0 |
| മെയിന്റനൻസ്, നോൺ റോഡ് | 0 | 35,19,457/- | 35,19,457/- | 35,19,457/- | 0 |
| സെന്‍ട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 68,49,082/- | 68,49,082/- | 68,49,082/- | 0 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 37,67,775/- | 37,67,775/- | 37,67,775/- | 0 |
| Syndicate Bank – Own Fund | 27,61,124/- | 76,82,376/- | 1,04,43,500/- | 73,99,390/- | 30,44,110/- |
| Syndicate Bank – Plan | 4,66,729/- | 6,31,577/- | 10,98,306/- | 1,51,434/- | 9,46,872/- |
| ട്രഷറി റ്റി.എസ്.ബി | 15,15,873/- | 72,83,000/- | 87,98,873/- | 87,44,782/- | 54,091/- |
| ആനാട് FSCB | 2,87,455/- | 0 | 2,87,455/- | 2,86,182/- | 1,273/- |
| ട്രഷറി STSB – Joint Venture | 24,936/- | 14,35,050/- | 14,59,986/- | 18,13,786/- | -353800 |
| Syndicate Bank – ശുചിത്വ മിഷൻ | 18,30,552/- | 7,34,350/- | 25,64,902/- | 24,10,826/- | 1,54,076/- |

| | | | | | |
|---|---|---|---|---|---|
| Syndicate Bank –എൻ.ആർ.ഇ.ജി.എസ് | 1,450/- | 12,86,516/- | 12,87,966/- | 12,83,613/- | 4,353/- |
| എസ്.ബി.റ്റി - E-Payment | 0 | 39,799/- | 39,799/- | 708/- | 39,091/- |
| ബി ഫണ്ട് | 0 | 5,02,560/- | 5,02,560/- | 5,02,560/- | 0 |
| ക്യാഷ് (തനത് ഫണ്ട്) | 1,14,050/- | 1,07,339/- | 2,21,389/- | 1,14,050/- | 1,07,339/- |

## 1-6 പദ്ധതി അവലോകനം.

| ക്രമ നം | നിർവഹണോ ദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 26 | 11075861 | 25 | 10099028 | 0 | 1 | 96.15 |
| 2 | വെറ്ററിനറി സർജൻ | 13 | 6369980 | 13 | 5633156 | 1 | 0 | 99 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച് സി.) | 10 | 1984660 | 9 | 1860199 | 0 | 1 | 90 |
| 5. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 950000 | 3 | 950000 | 0 | 0 | 100 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 4562250 | 10 | 4562250 | 0 | 0 | 100 |
| 7 | കൃഷി ഓഫീസർ | 8 | 3054250 | 8 | 2091518 | 0 | 0 | 68.47 |
| 8 | അസി.എഞ്ചിനിയർ | 93 | 39585137 | 56 | 23349254 | 36 | 1 | 60.21 |
| 9 | ഡയറി ഫാം ഇൻസ്പെക്ടർ | 1 | 750000 | 1 | 750000 | 0 | 0 | 100 |
| 10 | ഹെഡ് മാസ്റ്റർ | 8 | 4489995 | 6 | 3740985 | 2 | 0 | 75 |
| 11 | വി.ഇ.ഒ/ | 14 | 9233648 | 13 | 3903107 | 4 | 1 | 92.85 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1450 | 1286516 | 1287966 | 1283613 | 4353 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 29115227 | 29115227 | 29115227 | 0 |
| ആകെ | 1450 | 30401743 | 30403193 | 30398840 | 4353 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 202560 | 345 |
| കർഷക തൊഴിലാളി പെൻഷൻ | 8537200 | 2966 |
| വിധവാപെൻഷൻ | 13373800 | 4328 |
| വാർദ്ധക്യകാല പെൻഷൻ | 16177400 | 4747 |
| വികലാംഗ പെൻഷൻ | 3079700 | 972 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 300000 | 10 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 254500 | 77 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.11.2018ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9557/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

(i)ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണസംവിധാനത്തിന്റെ പൂർണത സ്ഥാപനത്തിന്റെ വളർച്ചയുടെ പ്രധാനഘടകം ആണ്. പനവൂർ ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം ഏറെക്കുറെ ഭദ്രമാണ്. രജിസ്റ്ററുകളുടേയും വിവരശേഖരണ സംവിധാനങ്ങളുടേയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പിൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

- ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി ഡി&ഒ ലൈസൻസ് കൃത്യമായി ഈടാക്കാത്തത് സ്ഥാപനത്തിന്റെ വരുമാന വർദ്ധനവിനെ ബാധിക്കുന്നു.

- വരവ് നിർണ്ണയിക്കുന്നതിലും ഫീസ് പിരിക്കുന്നതിലുമുള്ള അപാകങ്ങൾ മറ്റു നികുതിയിനങ്ങളിലെ വരവുകൾ സംബന്ധിച്ച രജിസ്റ്ററുകളുടെ കൃത്യതക്കുറവ് എന്നിവ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്.

(iii) സാമ്പത്തിക ഇടപാടുകൾ

- വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
  ഖ.2- 1കാണുക

- വസ്തുനികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നുവെങ്കിലും സെക്ഷൻ പരിപാലിക്കുന്ന രജിസ്റ്ററും എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല.

- വാടകയിനത്തിൽ കുടിശ്ശിക നില നിൽക്കുന്നുണ്ട്. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുകയും കുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.
- ഡിമാൻഡ് കളക്ഷൻ ബാലൻസ് പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല

(iii) ആസ്തി സൂക്ഷിപ്പിലെ അപാകങ്ങൾ

- പഞ്ചായത്തിലെ ആസ്തികൾ വർഷംതോറും ഭൗതികമായി പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.

- ജി ഒ (എം എസ് ) 255/13 ത.സ്വ.ഭ.വ തീയതി 18.7.2013ലെ വ്യവസ്ഥകൾക്ക് അനുസൃതമായി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

(iv) പദ്ധതി രൂപീകരണവും നടത്തിപ്പും

- വിവിധ ഫണ്ടുകളുടെ വിന്യാസം, ലഭ്യത എന്നിവ കണക്കിലെടുത്തു കൊണ്ട് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ഭരണ-ഉദ്യോഗസ്ഥ തലങ്ങളിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

- ആസൂത്രണസമിതി, വർക്കിങ്ഗ്രൂപ്പിന്റെ രൂപീകരണം, വികസനസെമിനാർ, വാർഷിക പദ്ധതി അംഗീകാരം എന്നീ നടപടിക്രമങ്ങളിൽ മാർഗരേഖ പ്രകാരമുള്ള സമയക്രമം പാലിച്ചിട്ടില്ല.

- വർക്കിങ്ങ് ഗ്രൂപ്പിന്റെയും മോണിറ്ററിങ്ങ് സമിതിയുടേയും പ്രവർത്തനം തൃപ്തികരമല്ല. ഗ്രാമസഭായോഗങ്ങളിൽ ഉയർന്നു വരുന്നതും വർക്കിങ്ങ് ഗ്രൂപ്പ് ചർച്ച ചെയ്ത് തെരഞ്ഞെടുക്കപ്പെടുന്നതുമായ പല പ്രോജക്ടുകളും നടപ്പിലാക്കപ്പെടുന്നില്ല.

- സ്റ്റാറ്റസ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ആവശ്യകത പദ്ധതി രൂപീകരണ ഘട്ടങ്ങളിൽ പരിഗണിക്കപ്പെട്ടിട്ടില്ല.

- ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കൂടുതൽ ജനകീയമാക്കേണ്ടതുണ്ട്.

- സർക്കാർ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി ഗുണഭോക്തൃതെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ii)പൊതുഭരണം

29.01.15ലെ ജി.ഒ.എം.എസ്.18/2015ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ഗുണമേന്മയുള്ളതാക്കാൻ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കാൻ ഒരു പരിധി വരെ ശ്രമിച്ചിട്ടുണ്ട്. ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ ഓഫീസ് ക്രമീകരിക്കുകയും, പരാതികൾക്ക് ഇടനൽകാതെ സേവന കൗണ്ടർ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.

## **1-11** <u>മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.10.18 | 09/2018 | 25.10.18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | - | - |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

ഇല്ല

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും ചട്ടങ്ങളും അനുസരിച്ച് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

നടപടിക്രമം

| ക്രമ നം | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | ഡിസംബർ 15-ന് മുൻപ് |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15-ന് മുൻപ് | ജനുവരി 15-ന് മുൻപ് |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനുവരി 25-ന് മുൻപ് | ഫെബ്രുവരി മാസം |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രാപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | മാർച്ച് 1 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | 2017-18 സാമ്പത്തിക വർഷത്തിൽ |

| | | | |
|---|---|---|---|
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 06-03-17, 24-03-17 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | 24.03.17 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 24.03.17 |

2017- 2018 സാമ്പത്തിക വർഷത്തെ ബജറ്റ് അവതരണവുമായി ബന്ധപ്പെട്ട് പ്രാരംഭനടപടികൾ സ്വീകരിക്കുന്നതിനും ബജറ്റിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനായി എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും കത്ത് നൽകിയതിന്റെ യാതൊരു രേഖകളും ഓഡിറ്റിന് ലഭ്യമായിട്ടില്ല.

ബജറ്റ് തയ്യാറാക്കുന്നതിനാവശ്യമായ ശുപാർശകൾ ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്ത് വിവിധ ഘടകസ്ഥാപനങ്ങളോട് ആവശ്യപ്പെട്ടതിന്റെയും 2017- 2018 സാമ്പത്തിക വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ശുപാർശ സമർപ്പിച്ചതിന്റെയും രേഖകൾ ഓഡിറ്റ് എൻക്വയറി 35 പ്രകാരം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. എല്ലാ ഘടകസ്ഥാപനങ്ങളുടെയും ആവശ്യകതാ നിർണ്ണയം കൃത്യമായി നടത്തിയാണോ ബജറ്റ് തയ്യാറാക്കിയതെന്ന് വിലയിരുത്താൻ കഴിഞ്ഞില്ല.

പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണമായും പാലിക്കാതെ ബജറ്റ് തയ്യാറാക്കിയതിനാൽ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിക്കേണ്ടി വന്നു. മാത്രമല്ല ചില പദ്ധതികളിൽ ബജറ്റിൽ വകയിരുത്താതെയും തുക ചെലവഴിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഹെഡ് ഓഫ് അക്കൗണ്ട്. | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | മൃഗസംരക്ഷണം-കന്നുകുട്ടി പരിപാലനം | 250103401 | വകയിരുത്തിയിട്ടില്ല | 625000 |
| 2 | മൃഗസംരക്ഷണം-പശു വളർത്തൽ TSP | 250103103 | വകയിരുത്തിയിട്ടില്ല | 360000 |
| 3 | ക്ഷീര വികസനം-സംഭരണവും വിപണനവും | 250104601 | വകയിരുത്തിയിട്ടില്ല | 758532 |
| 4 | സാക്ഷരതാ തുല്യതാ പരീക്ഷ | 251011501 | 100000 | 142350 |

## 2-2 ആവശ്യമായ രേഖകളുടെ അഭാവത്തിൽ ഡി & ഒ ലൈസൻസ് നൽകിയിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച് ആകെയുണ്ടായിരുന്ന 192 അപേക്ഷകൾ പരിശോധിച്ചതിൽ ധാരാളം അപേക്ഷകളിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപ സാക്ഷ്യപത്രം, എച്ച്.ഐ-യുടെ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ അഭാവത്തിൽ ലൈസൻസ് നൽകിയതായി കാണുന്നു. കൂടാതെ അപേക്ഷകളിൽ വിറ്റുവരവ് രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് കണക്കാക്കിയതിന്റെ കൃത്യത ഉറപ്പ് വരുത്തുവാനും കഴിഞ്ഞിട്ടില്ല. ആവശ്യമായ രേഖകൾ ഹാജരാക്കാതെ ഡി & ഒ ലൈസൻസ് നൽകിയ ചില സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം. | കെട്ടിട നം. | സ്ഥാപനം | ലഭ്യമാകാത്ത രേഖകൾ |
|---|---|---|---|
| 1 | 263/XI | അനീസ. എ.എസ് | ഫയർ ആന്റ് റസ്ക്യൂ സർട്ടിഫിക്കറ്റ്. |
| 2 | 378/III | കെ.ജി.അനിൽകുമാർ. | വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. |
| 3 | PPIV/455A | G. രമാദേവി | എച്ച്. പി കണക്കാക്കിയിട്ടില്ല.<br>H P-8 |
| 4 | VII/389-A | G. അനിൽകുമാർ | എച്ച്. പി കണക്കാക്കിയിട്ടില്ല.<br>H P 10 |
| 5 | PPX/44 | സൗദി. ബി | ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് |
| 6 | PPV/567 | ജയപ്രകാശ് | വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. |
| 7 | X/58 | ഹംസത്ത് | ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്റേഷൻ സർട്ടിഫിക്കറ്റ്. |
| 8 | 7/81,82 | ഷിഹാബ്ദീൻ. എം | എച്ച്. പി കണക്കാക്കിയിട്ടില്ല. വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല<br>മലിനീകരണനിയന്ത്രണ ബോർഡിന്റെ നിരാക്ഷേപ സാക്ഷ്യപത്രം |

| | | | |
|---|---|---|---|
| 9 | 13/121 | സംജ്ഞനത്ത് | എച്ച്. പി ഈടാക്കിയതിൽ കുറവ്. (H P-7.5 ഈടാക്കിയ തുക 50/- |
| 10 | II/304 | കെ ഷിബുകുമാർ | ഹെൽത്ത് ഇൻസ്പെക്ടറുടെ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് എച്ച്. പി ഈടാക്കിയതിൽ കുറവ്. (H P-45 ഈടാക്കിയ തുക 300/- |

ഭാവിയിൽ ഡി & ഒ ലൈസൻസിനായുള്ള അപേക്ഷ പരിഗണിക്കുമ്പോൾ ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം ലൈസൻസ് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 പൊതു മാർക്കറ്റ് പൂട്ടിക്കിടക്കുന്നു-പൊതുവഴിയിൽ മത്സ്യ-മാംസ വിൽപ്പന

പനവൂർ ജംങ്ഷനിലെ പൊതുനിരത്തിൽ മത്സ്യം,മാംസം, പലചരക്ക് സാധനങ്ങൾ എന്നിവ വ്യാപാരം ചെയ്യുന്നുണ്ട്. എന്നാൽ പഞ്ചായത്തിന്റെ പബ്ലിക് മാർക്കറ്റ് പൂട്ടിക്കിടക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 225 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഏതെങ്കിലും പൊതു സ്ഥലത്തോ അതിന്റെ ഭാഗത്തോ ഏതെങ്കിലും മൃഗങ്ങളെയോ,സാധനങ്ങളെയോ വിൽക്കുകയോ,വിൽപ്പനയ്ക്കായി വയ്ക്കുകയോ ചെയ്യുന്നത് പൊതുപരസ്യം മൂലം നിരോധിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 3-ാം പട്ടിക പ്രകാരം പൊതുമാർക്കറ്റുകൾ പരിപാലിക്കുക, മൃഗങ്ങളുടെ കശാപ്പ്, മത്സ്യം, മാംസം, എളുപ്പത്തിൽ കേടുവരുന്ന മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ വിൽപ്പന മുതലായവ നിയന്ത്രിക്കുക എന്നിവ പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെട്ടതാണ്.

അനധികൃതമായി കച്ചവടം നടത്തുന്നതിന് കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 255 പ്രകാരം പിഴ ചുമത്തേണ്ടതാണ്.

എന്നാൽ മേൽ നടപടികൾ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് സ്വീകരിച്ചിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറി 34 നുള്ള മറുപടിയിൽ പനവൂർ പബ്ലിക് മാർക്കറ്റിൽ നിലവിൽ ചന്ത പ്രവർത്തിക്കുന്നില്ലെന്നും മത്സ്യം,മാംസം വ്യാപാരത്തിന് നിയമാനുസൃത ലൈസൻസ് നൽകുന്നില്ലെന്നും അറിയിച്ചിരിക്കുന്നു. അനധികൃതമായ മത്സ്യം,മാംസം വ്യാപാരം അവസാനിപ്പിക്കുന്നതിന് പോലീസിന്റെ സഹായത്തോടെ നടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചിട്ടുണ്ട്.

പനവൂർ പബ്ളിക്ക് മാർക്കറ്റ് തുറന്ന് പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പൊതുനിരത്തിൽ അനധികൃതമായ മത്സ്യം,മാംസം വ്യാപാരം നടത്തുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിനും അനധികൃതമായി കച്ചവടം നടത്തുന്നതിന് കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 255 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 2-4 കടമുറി ലേലത്തിൽ പോയില്ല- പഞ്ചായത്തിന് നഷ്ടം

2017-2018 സാമ്പത്തികവർഷത്തിൽ മൂന്നാനക്കുഴി XIII/24A Room I കെട്ടിടം ലേലത്തിൽ പോകാത്തതിന്റെ പേരിൽ പഞ്ചായത്തിന് വരുമാനനഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രസ്തുത സാമ്പത്തികവർഷം ലേലം, പുനർ ലേലം എന്നിവ

നടത്തിയെങ്കിലും ആരും തന്നെ ലേലം കൊള്ളുവാൻ വന്നില്ല എന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 21 ന് മറുപടി നൽകിയിട്ടുണ്ട്. കടമുറി ലേലത്തിൽ പോകുന്നതിനും അതു വഴി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുമാവശ്യമായ നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണ സമിതിയും കൈക്കൊള്ളേണ്ടതുണ്ട്.

## 2-5 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു.

1999 ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ-ചട്ടം 3-1 പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല. പനവൂർ ഗ്രാമപഞ്ചായത്തിൽ 5 ട്യൂട്ടോറിയൽ കോളേജുകളാണ് പ്രവർത്തിക്കുന്നത്. ഇവയിൽ വിൻസ് കോളേജ് എന്ന സ്ഥാപനം മാത്രമാണ് ഗ്രാമപഞ്ചായത്തിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ളത്. ബാക്കി സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഉടൻ നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി സംബന്ധിച്ച്.

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 2 സി (iii) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ബിസിനസ് നടത്തി വരുന്ന ഏതൊരു സ്ഥാപനവും നികുതി കൊടുക്കാൻ ബാദ്ധ്യസ്ഥമാണ്. പനവൂർ ഗ്രാമപഞ്ചായത്തിൽ 4 സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. ഇതിൽ പി ആർ മെഡിക്കൽ സെന്റർ, വെൽകെയർ ഹോമിയോ ക്ലിനിക്ക് എന്നീ സ്ഥാപനങ്ങൾ തൊഴിൽ നികുതി അടച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയോടൊപ്പം അന്നേദിവസം പി ആർ മെഡിക്കൽ സെന്റർ തൊഴിൽ നികുതി അടച്ച രസീതുകൂടി ഉള്ളടക്കം ചെയ്തിട്ടുണ്ട്. മറ്റ് സ്ഥാപനത്തിൽ നിന്നും രജിസ്ട്രേഷൻ നടത്തുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഘടകസ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങൽ - അപാകങ്ങൾ

പ്രോജക്ട് : 23/18 – ഘടക സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ ലഭ്യമാക്കൽ

അടങ്കൽ : 2,25,000/-

ചെലവ് : 2,19,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

2016-17ൽ രൂപീകരിച്ച് 2017-18ൽ സ്പിൽ ഓവറായി നടപ്പാക്കിയ ഈ പദ്ധതിക്കായി 5 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങുവാൻ 06-03-2017 ൽ ആദ്യം നൽകിയ ദർഘാസ് പരസ്യം അനുസരിച്ച് Intel Core i3 സ്പെസിഫിക്കേഷൻ തൊട്ടുള്ള കമ്പ്യൂട്ടറുകൾക്കാണ് ടെണ്ടർ ക്ഷണിച്ചിരിക്കുന്നത്. ഇതനുസരിച്ച് രണ്ട് കമ്പനികൾ ടെണ്ടർ നൽകുകയുമുണ്ടായി. എന്നാൽ 29-03-2017 ന് നൽകിയ പുനർദർഘാസ് പരസ്യത്തിൽ ആദ്യം ആവശ്യപ്പെട്ടതിനെക്കാൾ ഉയർന്ന മോഡലായ Intel Core i5 സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറുകളാണ് ആവശ്യപ്പെട്ടത്. Intel Core i5 ,Core i3 മോഡലുകൾ തമ്മിൽ ചെറുതല്ലാത്ത വില വ്യത്യാസം വിപണിയിൽ ഉണ്ട്. ഐ.കെ.എം സ്പെസിഫിക്കേഷൻ പ്രകാരം Intel Core i3 മുതലുള്ള മോഡലുകൾ പഞ്ചായത്തുകളിൽ ഉപയോഗിക്കാം.

അടങ്കൽ തുക ഏകദേശം മുഴുവനായിട്ടും നേടിയെടുക്കാനുള്ള രീതിയിലാണ് ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങൾ ഓരോ കമ്പ്യൂട്ടറിനും വില ക്വോട്ട് ചെയ്തിരിക്കുന്നത്. റീടെണ്ടർ ചെയ്തതിൽ കമ്പ്യൂനെറ്റ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ആണ് അംഗീകരിച്ചിരിക്കുന്നത്. ഈ സ്ഥാപനം Intel Core i5 കംപ്യൂട്ടർ 43,800/- രൂപ എന്ന നിരക്കിലാണ് നൽകിയത്. എന്നാൽ പ്രോജക്ടിന്റെ ആദ്യത്തെ ടെണ്ടറിൽ ഇതേ സ്ഥാപനം Intel Core i3

കമ്പ്യൂട്ടറിന് 44,000/- രൂപയാണ് നിരക്ക് ആയിട്ട് കാണിച്ചിരിക്കുന്നത്. ഇതിൽ നിന്നും തന്നെ ആദ്യ ടെണ്ടറിൽ Intel Core i3 കമ്പ്യൂട്ടറുകൾക്ക് സമർപ്പിച്ച നിരക്കുകൾ യുക്തിസഹമല്ലെന്ന് കാണാം. മാത്രമല്ല കമ്പ്യൂട്ടർ പോലുള്ള ഉപകരണങ്ങൾ എണ്ണത്തിൽ കൂടുതൽ വാങ്ങുമ്പോൾ റീട്ടെയിൽ വിലയെക്കാൾ കുറവ് വിലയ്ക്ക് വിപണിയിൽ ലഭിക്കും. എന്നാൽ ഈ പ്രോജക്ട് സംബന്ധമായി യാതൊരു നെഗോസിയേഷനും നടത്തിയിട്ടില്ല.

കമ്പ്യൂട്ടറുകൾ പോലെ പല തരം സ്പെസിഫിക്കേഷനിൽ ലഭിക്കുന്ന ഉപകരണങ്ങൾ വാങ്ങുമ്പോൾ പഞ്ചായത്തിന്റെ ആവശ്യകതയ്ക്കനുസരിച്ചുള്ള സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങളാണ് വാങ്ങേണ്ടത്. പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടി ചർച്ച ചെയ്തിട്ടാണ് വാങ്ങൽ നടപടി നടത്തിയിട്ടുള്ളതെങ്കിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത സാങ്കേതിക പ്രശ്നം ചർച്ച ചെയ്തതായോ തീരുമാനം എടുത്തതായോ കാണുന്നില്ല. ഇത്തരം പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ ഐ.കെ.എം. അടക്കമുള്ളവരുടെ സ്പെസിഫിക്കേഷൻ അനുസരിച്ച് ടെണ്ടർ ക്ഷണിക്കുക, ഉപകരണത്തിന് വിപണിയിൽ നിലവിലുള്ള വിലകൾ പരിശോധിച്ചതിന് ശേഷം മാത്രം ആവശ്യകത നിർണയിച്ച് അടങ്കൽ തുക വയ്ക്കുക മുതലായ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

## 3-2 സ്മാർട്ട് ക്ലാസ്റൂം നിർമ്മാണം - പദ്ധതിക്കായി ഉപകരണങ്ങൾ വാങ്ങിയത് പ്രൊക്വർമെന്റ് മാനദണ്ഡങ്ങൾ പാലിക്കാതെ -19100/- രൂപ നിരാകരിക്കുന്നു.

പ്രോജക്ട്: 61/18 – ആട്ടുകാൽ യു.പി.എസ്സില് സ്മാർട്ട് ക്ലാസ്റൂം നിർമ്മാണം (അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കൽ)

അടങ്കൽ : 250000/-

ചെലവ് : 249710/-

നിർവ്വഹണ ഉദ്യോഗസ്ഥൻ: ഹെഡ്മാസ്റ്റർ

ബിൽ നം. 01/17-18 തീ.11/8/17 : 200000/- രൂപ

ബിൽ നം. 02/17-18 തീ.11/8/17 : 49710/- രൂപ

തദ്ദേശസ്ഥാപനങ്ങൾ സാധനങ്ങൾ വാങ്ങുന്നതിനായി 2013 ലെ സ്റ്റോർ പർച്ചേസ് മാന്വൽ, തദ്ദേശ സ്ഥാപനത്തിന് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള 259/2010 തസ്വഭവ നം. മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങളും പാലിക്കേണ്ടതുണ്ട്. മാർഗരേപദ്ധതിക്കായി സാധനങ്ങൾ വാങ്ങുവാൻ ടെണ്ടർ ക്ഷണിച്ചതിൽ കെ.എം. ടെക്നോളജീസ് എന്ന സ്ഥാപനം ആണ് ഏറ്റവും കുറവ് വില ക്വോട്ട് ചെയ്തിരിക്കുന്നത്. എന്നാൽ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9 ലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പരിഗണിച്ചത് ഇതിനെക്കാൾ ഉയർന്ന നിരക്കിലുള്ള ടൈടെക്ക് ട്രേഡേഴ്സ് എന്ന സ്ഥാപനത്തിന്റെ ക്വൊട്ടേഷനാണ്. ഇവരിൽ നിന്നും തന്നെയാണ് സാധനങ്ങൾ വാങ്ങിയിരിക്കുന്നത്.

ടെണ്ടർ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ടൈടെക്ക് ട്രേഡേഴ്സ് നൽകാൻ തയ്യാറായ സാധനങ്ങൾക്കാണ് മെച്ചപ്പെട്ട സ്പെസിഫിക്കേഷൻ, ഗ്യാരന്റി, ഗുണമേന്മ എന്നിവയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതി സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 30ന് മറുപടിയായി വാങ്ങുന്ന സാധനങ്ങൾ ദീർഘകാലം ഉപയോഗിക്കേണ്ടതിനാലാണ് ഏറ്റവും ഗുണനിലവാരമുള്ളതും മൂന്ന് വർഷം ഗ്യാരന്റിയുള്ളതുമായ ഉപകരണങ്ങൾ ടൈടേക്ക് ട്രേഡ്സിൽ നിന്നും വാങ്ങാൻ തീരുമാനിച്ചത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. എന്നാൽ എത്തരത്തിലാണ് ഗുണനിലവാരം ഉറപ്പ് വരുത്തിയിരിക്കുന്നത് എന്ന് വ്യക്തമല്ല. ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കെ.എം. ടെക്നോളജീസും ബ്രന്റഡ് ഉപകരണങ്ങൾ ആണ് നൽകാമെന്ന് ഏറ്റത്. എന്നിട്ടും ഈ സ്ഥാപനവുമായി കൂടുതൽ നെഗോസിയേഷൻ നടത്താതെയാണ് ടൈടെക്കിന് പർച്ചേസ് ഓർഡർ നല്കിയത്. ഇത് സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള നടപടിക്രമങ്ങൾക്ക് വിരുദ്ധമാണ്. പഞ്ചായത്ത് കമ്മിറ്റി 14/03/2017 ൽ കൂടിയ യോഗത്തിലെ I(1)-i നമ്പർ തീരുമാനം പ്രകാരം ഐ.ടി അറ്റ് സ്കൂൾ, സി-ഡിറ്റ് ഉടങ്ങിയ സ്ഥാപനങ്ങളുടെ സഹായത്തോടെ ഗുണനിലവാരം ഉറപ്പ് വരുത്തി സ്റ്റോർ പർച്ചേസ് മാന്വൽ അനുസരിച്ച് സാധനങ്ങൾ വാങ്ങുവാനാണ് നിർവ്വണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഇതൊന്നും പാലിക്കാതെയാണ് പദ്ധതി നടപ്പാക്കപ്പെട്ടത്. രണ്ട് സ്ഥാപനങ്ങളും നൽകിയ വിലകൾ തമ്മിലുള്ള വ്യത്യാസം താഴെപ്പറയുന്നു:

| ആവശ്യപ്പെട്ട ഉപകരണം (ടെണ്ടർ പരസ്യത്തിലെ സ്പെസിഫിക്കേഷൻ പ്രകാരം) | കെ.എം. ടെക്നോളജീസ് | ടൈടെക്ക് ട്രേഡേഴ്സ് | ടൈടെക്ക് ട്രേഡേഴ്സിന് അധികം നൽകിയ വില |
|---|---|---|---|
| ഇന്ററാക്ടീവ് വൈറ്റ് ബോർഡ് | ഗ്ലോബസ് ഇന്ററാക്ടീവ് ബോർഡ് - 29400/-രൂപ | റാപ്പർ ഇന്ററാക്ടീവ് ബോർഡ് - 40000/-രൂപ | 10600/- |
| എൽ.ഇ.ഡി പ്രൊജക്ടർ | എപ്സൺ പ്രൊജക്ടർ - 37500/- രൂപ | ഒപ്ടോമാ പ്രൊജക്ടർ - 46000/-രൂപ | 8500/- |
| ലാപ്പ്ടോപ്പ് | എച്ച്.പി ലാപ്പ്ടോപ്പ് (DOS ഓപ്പറേറ്റിംഗ് സിസ്റ്റം) - 36000/-രൂപ | ലെനോവോ ലാപ്പ്ടോപ്പ് (വിൻഡോസ് 10 ഓപ്പറേറ്റിംഗ് സിസ്റ്റം)- 49500/-രൂപ | 13500/- |
| സ്മാർട്ട് ക്ലാസ്റൂമിൽ സ്ഥാപിക്കുന്നതിന് ചെയറുകൾ | ജെഫെർസൻ ചെയർ - പ്ലാസ്റ്റിക് (30 എണ്ണം) - 65000/-രൂപ | മെറ്റൽ ഫ്രെയിം ചെയർ (30 എണ്ണം) - 94710/-രൂപ | 29000/- |

കസേര, ലാപ്ടോപ്പ് എന്നിവ കെ.എം. ട്രേഡേഴ്സ് നൽകാമെന്നേറ്റതിനെക്കാൾ ഉയർന്ന മോഡലുകളാണ് ടൈടെക്ക് ട്രേഡേഴ്സ് സ് നൽകിയത്. പ്ലാസ്റ്റിക് കസേരക്ക് പകരം മെറ്റൽ കസേരയും ഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റമുള്ള ലാപ്ടോപ്പിന് പകരം വിൻഡോസ് 10 ഓ.എസ്. ഉള്ള ലാപ്ടോപ്പും ടൈടെക് ട്രേഡേഴ്സ് നൽകി. എന്നാൽ ടെണ്ടർ പരസ്യത്തിൽ ലാപ്ടോപ്പിന്റെയോ കസേരയുടേയോ സ്പെസിഫിക്കേഷൻ പറഞ്ഞിട്ടില്ല. മാത്രമല്ല, ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത കെ.എം. ട്രേഡേഴ്സിനോട് മെറ്റൽ കസേരയുടേയും വിൻഡോസ് ലാപ്ടോപ്പിന്റെയും ക്വട്ടേഷൻ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടും ഇല്ല. അതിനാൽ ടൈടെക്ക് ട്രേഡേഴ്സ് ഈ രണ്ട് സാധനങ്ങളും ഏറ്റവും കുറഞ്ഞ നിരക്കിലാണ് നൽകിയത് എന്ന് കണക്കാക്കാൻ കഴിയില്ല.

എൽ.ഇ.ഡി പ്രൊജക്ടർ, ഇന്ററാക്ടീവ് ബോർഡ് എന്നിവ ഏറ്റവും കുറഞ്ഞ വില ക്വോട്ട് ചെയ്ത കെ.എം. ട്രേഡേഴ്സിന്റെ ടെണ്ടർ അവഗണിച്ച് ടൈടെക്ക് ട്രേഡേഴ്സിൽ നിന്നുമാണ് വാങ്ങിയിരിക്കുന്നത്. ഈ രണ്ട് സാധനങ്ങൾക്കും കൂടി അധികമായി നൽകിയ തുക (10600 + 8500 =) 19100/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയാണ്.

ഭാവിയിൽ ഇത്തരം പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുമ്പോൾ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെണ്ടർ നടപടിക്രമം പാലിക്കേണ്ടതും വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരം നിശ്ചയിക്കാൻ അതിന് യോഗ്യതയുള്ള സ്ഥാപനങ്ങളുടെ / വ്യക്തികളുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതുമാണ്.

## 3-3 സർക്കാർ ഉത്തരവിനു വിരുദ്ധമായി **WBM** സബ് ബേസ് കോഴ്സ് ഉപയോഗിച്ചു-അധിക നിരക്ക് നൽകി-**85432/-** രൂപ നിരാകരിക്കുന്നു.

Finance (Inspection wing-Technical) വകുപ്പിന്റെ സർക്കുലർ നമ്പർ 16/2016/Fin തീയതി 20/7/16,ചീഫ് എൻജിനീയർ (LSGD)യുടെ10.8.16ലെDB3/6512/2013/CE/LSGDനമ്പർ സർക്കുലർ എന്നിവ പ്രകാരം റോഡ് പ്രവൃത്തികളിൽ സബ് ബേസ്/ബേസ് കോഴ്സ് ചെയ്യുമ്പോൾ കൂടിയ നിരക്കിലുള്ള സ്പെസിഫിക്കേഷനിലുള്ള Water bound macadam(WBM) ഒഴിവാക്കി കൂടുതൽ ഗുണനിലവാരവും ഉറപ്പുമുള്ളതും എന്നാൽ താരതമ്യേന നിരക്ക് കുറഞ്ഞതുമായ സ്പെസിഫിക്കേഷനിലുള്ള Wet Mix macadam(WMM) ഉപയോഗിച്ച് പ്രവൃത്തി ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

താഴെ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികളിൽ ഇതിനു വിരുദ്ധമായി പ്രവൃത്തി ചെയ്തിട്ടുള്ളതായി കാണുന്നു

1.

| | |
|---|---|
| പ്രോജക്ട് നമ്പർ- | SO 41/17-18 |
| പേര് | -എസ്.എൻ.പുരം-ബാലവാടി-ചെക്കക്കോണം റോഡ് മെറ്റലിംഗ് |
| അടങ്കൽ | 685000 |
| ചെലവ് | 366986+260603 =627589 |
| ബിൽ നമ്പർ | 27/17-18 തീയതി 26.10.17 & 36/17-18,തീയതി17.1.18 |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് |
| എം.ബുക്ക് നമ്പർ | -123//17-18 |
| T.S നമ്പർ | 9188/17-18 |

എസ്റ്റിമേറ്റ് ഇനം-1ആയി DSR-16(C.l-46.67) സ്പെസിഫിക്കേഷൻ 4.7.3 Aആയി Water bound macadam സബ് ബേസ്/ബേസ് കോഴ്സ് ഉപയോഗിക്കുന്നതിനായി സാങ്കേതികാനുമതി ലഭ്യമാക്കുകയും എം.ബുക്ക് പേജ് നമ്പർ 13,പ്രകാരംWBM സ്പെസിഫിക്കേഷൻഉപയോഗിച്ചാണ് പ്രവൃത്തി ചെയ്തിട്ടുള്ളതെന്ന് രേഖപ്പെടുത്തുകയും നിരക്ക് താഴെ പറയും വിധം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

അനുവദിച്ചത് - 67.5 x3619.12/$m^3$ =244290.60

അനുവദിക്കാവുന്നത് - 67.5 x3205.25/$m^3$ =216354.37

അധികം അനുവദിച്ചത് =27936.23

2.

| | |
|---|---|
| പ്രോജക്ട് നമ്പർ- | SO 140/17-18 |
| പേര് | കൊക്കോട് മലമുകൾ റോഡ് രണ്ടാം മെറ്റലിംഗം ടാറിംഗം |
| അടങ്കൽ | 358000 |
| ചെലവ് | 357260 |
| ബിൽ നമ്പർ | 50/17-18 തീയതി 26.3.18 |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് |
| എം.ബുക്ക് നമ്പർ | 318/17-18 |
| T.S നമ്പർ | 20986/17-18 |

എസ്റ്റിമേറ്റ് ഇനം-1ആയി DSR-16(C.I-46.67) സ്പെസിഫിക്കേഷൻ 4.7.3 A ആയി Water bound macadam സബ് ബേസ്/ബേസ് കോഴ്സ് ഉപയോഗിക്കുന്നതിനായി സാങ്കേതികാനുമതി ലഭ്യമാക്കുകയും എം.ബുക്ക് നമ്പർ പേജ് നമ്പർ 15,പ്രകാരംWBM സ്പെസിഫിക്കേഷൻ ഉപയോഗിച്ചാണ് പ്രവൃത്തി ചെയ്തിട്ടുള്ളതെന്ന് രേഖപ്പെടുത്തുകയും നിരക്ക് താഴെ പറയും വിധം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

അനുവദിച്ചത് - 46.463 x 4061.90/$m^3$ = 188728.06

അനുവദിക്കാവുന്നത് - 46.463x3205.25/$m^3$ = 148925.53

അധികം അനുവദിച്ചത് = 39802.53

3.

| | |
|---|---|
| പ്രോജക്ട് | SO 40/17-18 |

| | |
|---|---|
| നമ്പർ- | |
| പേര് | തോപ്പ് ഇരപ്പിൽ റോഡ് രണ്ടാം മെറ്റലിംഗും ടാറിംഗും |
| അടങ്കൽ | 468000 |
| ചെലവ് | 467259 |
| ബിൽ നമ്പർ | 5/17-18 തീയതി 30.6.17 |
| എം.ബുക്ക് നമ്പർ | 92/17-18 |
| T.S നമ്പർ | 12666/17-18 |

എസ്റ്റിമേറ്റ് ഇനം-1ആയിDSR-16(C.I-46.67) സ്പെസിഫിക്കേഷൻ 4.7.3 Aആയി Water bound macadam സബ് ബേസ്/ബേസ് കോഴ്സ് ഉപയോഗിക്കുന്നതിനായി സാങ്കേതികാനുമതി ലഭ്യമാക്കുകയും എം.ബുക്ക് പേജ് നമ്പർ 28 പ്രകാരം WBM സ്പെസിഫിക്കേഷൻ ഉപയോഗിച്ചാണ് പ്രവൃത്തി ചെയ്തിട്ടുള്ളതെന്ന് രേഖപ്പെടുത്തുകയും നിരക്ക് താഴെ പറയും വിധം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

അനുവദിച്ചത് - 42.75 x 3619.12/$m^3$ = 154717.38

അനുവദിക്കാവുന്നത് - 42.75 x3205.25/$m^3$ = 137024.43
അധികം അനുവദിച്ചത് = 17692.95

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി മേൽ സൂചിപ്പിച്ച ഗവ. സർക്കുലറിന്റെ അടിസ്ഥാനത്തിൽ നില നിൽക്കുന്നതല്ല. ആയതിനാൽ ആകെ അധികം അനുവദിച്ച തുകയായ 85,432/- രൂപ നിരാകരിക്കുന്നു.

## 3-4 കരിഞ്ച മുത്തുക്കാവ് റോഡ് നവീകരണം-എംബാങ്ക് മെന്റ് നിർമാണം-കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല-അധിക തുകനല്കി, 14732/- രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 64/16-17,34/17-18(സ്പിൽ ഓവർ) |
| പേര് | കരിഞ്ച മുത്തുക്കാവ് റോഡ് നവീകരണം |
| അടങ്കൽ | 516000 |
| ചെലവ് | 514849 |

| | |
|---|---|
| ബിൽ നമ്പർ | 8/17-18<br>തീയതി.15.7.17 |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് |
| സ്റ്റാന്റിങ്ങ് കമ്മിറ്റി | വികസനകാര്യം |
| എം.ബുക്ക് നമ്പർ | -24/16-17 |
| TS NO: | 62684/2016-17 |

പ്രസ്തുത പ്രവൃത്തിയുടെ ഇനം 2. 1 (side wall നിർമ്മാണം) പ്രകാരം earth work excavation എന്ന പ്രവൃത്തിയിലൂടെ 33.14 $m^3$ മണ്ണ് കുഴിച്ചെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട് (എം.ബുക്ക് പേജ്നമ്പർ -17). ടി മണ്ണ് സൈഡ് വാളിന്റെ വശം നിറക്കുന്നതിന് (back filling) ഉപയോഗിച്ചു എന്ന് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ ടി ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇനം 2.5പ്രകാരം എംബാങ്ക്മെന്റ് നിർമ്മാണം നടത്തിയപ്പോൾ ഇനം 2.1 പ്രകാരം കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല. ഇതുമൂലം താഴെ പറയും വിധം അധിക നിരക്ക് നൽകിയതായി കാണുന്നു

അനുവദിക്കാവുന്നത്-

ഇനം 2.5പ്രകാരംആവശ്യമുള്ള അളവ് - 109.76 $m^3$

ഇനം 2.1പ്രകാരം ലഭിച്ച മണ്ണ് കുറക്കുക - 33.14 $m^3$

20% consolidation കുറക്കുക - 15.32

അനുവദനീയമായ അളവ് - 61.3 $m^3$

ഇനം 2.5പ്രകാരം അനുവദിക്കാവുന്ന തുക - 61.3m3 x 304/$m^3$ =18635.2

അനുവദിച്ചത് (എം.ബുക്ക് പേജ്നമ്പർ 41) - 109.76 x 304/$m^3$ =33367.04

അധികം അനുവദിച്ചത് 14732

അപാകം വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16) നൽകിയ മറുപടിയിൽ back filling കഴിഞ്ഞ് മണ്ണ് ബാക്കിയുണ്ടായിരുന്നില്ല എന്നാണ് മറുപടി ലഭ്യമാക്കിയത്. ടി ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ മറുപടി അംഗീകരിക്കാൻ കഴിയില്ല. അധികം അനുവദിച്ച തുക 14,732/-രൂപ നിരാകരിക്കുന്നു.

## 3-5 അംബേദ്കർ ഗ്രാമം മാങ്കുഴി റോഡ് ഓട കോൺക്രീറ്റ് സൈഡ് വാൾ നിർമ്മാണം- അധിക നിരക്ക് നൽകി.

| | |
|---|---|
| പ്രോജക്ട് നമ്പർ | SO 124/18 |
| പേര് | അംബേദ്കർ ഗ്രാമം മാങ്കുഴി റോഡ് ഓട കോൺക്രീറ്റ് |

| | |
|---|---|
| | സൈഡ് വാൾ നിർമ്മാണം |
| അടങ്കൽ | 332000 |
| ചെലവ് | 331071 |
| ബിൽ നമ്പർ | 55/17-18 തീയതി 31.3.18 |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് |
| സ്റ്റാന്റിങ്ങ് കമ്മിറ്റി | വികസനകാര്യം |
| എം.ബുക്ക് നമ്പർ | 404/17-18 |
| T.S നമ്പർ | 24526/17-18 |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ഇനം 2.2,2.3 എന്നിവ പ്രകാരം (sidewall) -providing concrete for plain /re inforced concrete in open foundations complete as per drawings and technical specifications Clause 802,803,1202&1203,P.C.C grade M10(i) Nominal mix 1:3:6 എന്നഒരേ സ്പെസിഫിക്കേഷനിലുള്ള പ്രവൃത്തി ചെയ്യതിന് യഥാക്രമം 7725/- ,8034.59/- എന്ന നിരക്കുകളാണ് നൽകിയിട്ടുള്ളത്. (എം.ബുക്ക് പേജ്- 24.,25,).

മേൽ രണ്ട് ഇനങ്ങളുടേയും detailed data സഹിതം കാരണം വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37) നൽകിയ മറുപടിയിൽ ഇനം 2.3ൽ super structure ന്റെ നിരക്കാണ് എന്നും 2.2 പ്രകാരം നൽകിയിട്ടുള്ളത് foundation ന്റെ നിരക്കാണ് എന്നും പറഞ്ഞിട്ടുണ്ട്. രണ്ടിന്റേയും ലഭ്യമാക്കിയ detailed data പരിശോധിച്ചപ്പോൾ 7725.54 എന്ന നിരക്ക് തന്നെയാണ് ലഭിക്കുന്നത്. ആയതിനാൽ തുക അധികം നൽകിയതായി കാണുന്നു. ഇപ്രകാരം അധിക നിരക്കുകൾ നൽകുന്നതിലൂടെ ഫണ്ട് പാഴാവുന്ന വിഷയം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ടെൻഡർ സ്പെസിഫിക്കേഷനിൽ നിന്ന് വ്യതിചലിച്ച് ബയോഗ്യാസ് പ്ലാന്റ് വാങ്ങി-4900/-രൂപ നഷ്ടം

| | | |
|---|---|---|
| പ്രോജക്ട് നം. | : | SO079/18 |
| പ്രോജക്ടിന്റെ പേര് | | വ്യക്തിഗത ബയോഗ്യാസ് പ്ലാന്റ് (സ്ഥാപിക്കൽ) |
| നിർവ്വഹണ | | വി.ഇ.ഒ. |

| | | |
|---|---|---|
| ഉദ്യോഗസ്ഥൻ | | |
| അടങ്കൽ തുക | | 62500/- (312500/-വികസന ഫണ്ട് (ജനറൽ)<br>(312500/- ഗുണഭോക്തൃ വിഹിതം) |
| ചെലവായ തുക | | 174300/-(87150/- വികസന ഫണ്ട് (ജനറൽ)<br>87150/- ഗുണഭോക്തൃ വിഹിതം) |
| ബിൽ നം./തീയതി | | 17/ബയോഗ്യാസ് SO079/18 (17/17-18) തീയതി 21.12.2018<br>87150/-രൂപ |
| ചെക്ക് നം./തീയതി | | 189848 തീയതി 08/03/2018,<br>സിൻഡിക്കേറ്റ് ബാങ്ക്, പനവൂർ 87,150/-രൂപ |

ജൈവമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ച് ശുചിത്വം ഉറപ്പാക്കുന്നതിന് മാലിന്യം കൂടുതൽ ഉൽപ്പാദിപ്പിക്കുന്ന 50 കുടുംബങ്ങൾക്ക് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് നൽകുന്നതിനായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിൽ താഴപ്പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1) 50 കുടുംബങ്ങൾക്ക് ആനുകൂല്യം നൽകുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയിൽ 50% പദ്ധതി വിഹിതവും 50% ഗുണഭോക്തൃ വിഹിതവുമായിട്ടാണ് വകയിരുത്തിയത്. പ്രസ്തുത പദ്ധതിയ്ക്കായി 67 പേർ അടങ്ങുന്ന ഗുണഭോക്താക്കളിസ്റ്റ് പഞ്ചായത്ത് അംഗീകരിച്ചിട്ടുണ്ട്. ആയതിൽ 30 പേർ ഗുണഭോക്തൃ വിഹിതം അടവാക്കിയെങ്കിലും 2017-18 സാമ്പത്തിക വർഷത്തിൽ 14 ഗുണഭോക്താക്കൾക്ക് മാത്രമാണ് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് നൽകിയിട്ടുള്ളത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്കുള്ള (ഓഡിറ്റ് എൻക്വയറി നം. 18) മറുപടിയിൽ പ്രസ്തുത പദ്ധതി സ്പിൽ ഓവർ ആയി 2018-19 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി വരുന്നതായി അറിയിച്ചിട്ടുണ്ട്.

2) 29/08/2017-ലെ VEO/01/2017(1) നമ്പർ ദർഘാസ് പരസ്യം പ്രകാരം 0.65$m^3$ പ്രതിദിന ശേഷിയുള്ള ഗാർഹിക ബയോഗ്യാസ് പ്ലാന്റ് നൽകുന്നതിനാണ് ടെൻഡർ ക്ഷണിച്ചിട്ടുള്ളത്. എന്നാൽ 29/11/17-ന് മാത്രമാണ് പ്രസ്തുത പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിട്ടുള്ളത്.

3) ലഭ്യമായ ജൈവമാലിന്യത്തിന്റെ അളവും തരവും അനുസരിച്ചാണ് ഏത് തരത്തിലും വലിപ്പത്തിലുമുള്ള പ്ലാന്റാണ് സ്ഥാപിക്കേണ്ടതെന്ന് തീരുമാനിക്കേണ്ടത്. എന്നാൽ എല്ലാ ഗുണഭോക്താക്കൾക്കും 0.65$m^3$പ്രതിദിനം ശേഷിയുള്ള ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനാണ് പഞ്ചായത്ത് തീരുമാനിക്കുകയും ടെൻഡർ ക്ഷണിക്കുകയും ചെയ്തത്. Procurement കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ ആയതുമായി ബന്ധപ്പെട്ട് യാതൊരു നിർദ്ദേശവും procurement കമ്മിറ്റി നൽകിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.18 പ്രകാരം ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കിയില്ല.

സർക്കാരിന്റെ 02.06.2017-ലെ ഡി.എ.1/244/2017/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം ബയോഗ്യാസ്

പ്ലാന്റുകളുടെ സാങ്കേതിക വിശദാംശം ലഭ്യമാക്കുന്നതിന് ANERTന്റെ സഹായം ലഭ്യമാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയിൽ ANERT-ൽ നിന്ന് സാങ്കേതിക വിശദാംശം ആവശ്യപ്പെട്ടിട്ടില്ല. മാത്രമല്ല 0.65$m^3$ പ്രതിദിനശേഷിയുള്ള ഗാർഹിക ബയോഗ്യാസ് പ്ലാന്റ് തിരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമാക്കാൻ ഓഡിററ് എൻക്വയറി 18 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല.

4) 0.63$m^3$ പ്രതിദിനശേഷിയുള്ള ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 3 സ്ഥാപനങ്ങളിൽ നിന്ന് ടെൻഡർ ലഭിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത Green Tech, പത്മ ടവർ, മരുതംകുഴി എന്ന സ്ഥാപനത്തിന്റെ ടെൻഡർ 03/10/17-ലെ I(2) നമ്പർ ഉത്തരവ് പ്രകാരം അംഗീകരിക്കുകയും പ്രസ്തുത സ്ഥാപനത്തോട് ക്വാട്ട് ചെയ്ത റേറ്റിൽ (സ്പെസിഫിക്കേഷൻ പ്രകാരം) 5 വർഷത്തെ വാറണ്ടി നൽകുമെന്ന് ഉറപ്പ് വരുത്തി സപ്ലൈ ഓർഡർ നൽകുന്നതിന് വേണ്ട തുടർനടപടി സ്വീകരിക്കുന്നതിന് VEOയെ ചുമതലപ്പെടുത്തി തീരുമാനിക്കുകയും 13/11/2017-ലെ VEOയുടെ കത്ത് പ്രകാരം 0.65$m^3$ പ്രതിദിന ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റിന് 11750/-രൂപ quote ചെയ്ത താങ്കളുടെ ടെൻഡർ ഭരണസമിതി അംഗീകരിച്ചതായി അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 07/12/2017-ൽ നൽകിയ വർക്ക് ഓർഡർ പ്രകാരം 0.75$m^3$ പ്രതിദിന ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റ് (prefabricated portable) -water Jacket (Rs.12450/-രൂപ) ലഭ്യമാക്കുവാനാണ് ആവശ്യപ്പെട്ടത്. (പ്രസ്തുത സ്ഥാപനം നൽകിയ ടെൻഡറിൽ 0.50$m^3$, 0.75$m^3$, 1$m^3$ എന്നീ സ്പെസിഫിക്കേഷനുള്ള പ്ലാന്റുകളുടെ തുകയും രേഖപ്പെടുത്തിയിട്ടുണ്ട്). 0.65$m^3$ സ്പെസിഫിക്കേഷൻ ഉള്ള ബയോഗ്യാസ് പ്ലാന്റ് വാങ്ങുന്നതിനായി ടെൻഡർ ക്ഷണിച്ചിട്ട് 0.75$m^3$ സ്പെസിഫിക്കേഷൻ ഉള്ള ബയോഗ്യാസ് പ്ലാന്റ് ആണ് വാങ്ങിയത്. മാത്രമല്ല 14 ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീതിൽ 1$m^3$ ബയോഗ്യാസ് കൈപ്പറ്റിയതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 0.75$m^3$ സ്പെസിഫിക്കേഷനുള്ള പ്ലാന്റുകൾ വാങ്ങുന്നതിന് procurement കമ്മിറ്റിയുടെയോ, ഭരണസമിതിയുടെ തീരുമാനം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ procurement കമ്മിറ്റിയുടെയും, പഞ്ചായത്ത് കമ്മിറ്റിയുടെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് വാങ്ങിയതെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

5) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണഘട്ടത്തിൽ കുടിവെള്ളം ശുചിത്വം വർക്കിംഗ് ഗ്രൂപ്പ് പരിശോധന നടത്തിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിനൊപ്പം ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പദ്ധതി സ്പിൽ ഓവറായി ഈ വർഷം നടപ്പിലാക്കുകയാമെന്നും പ്രസ്തുത പ്ലാന്റിന്റെ പ്രവർത്തനക്ഷമത അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും മോണിറ്ററിംഗ് സമിതി പരിശോധന നടത്തിയിട്ടുള്ളതുമാണെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ടിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ടെൻഡർ സ്പെസിഫിക്കേഷനിൽ നിന്ന് വ്യതിചലിച്ച് കൂടുതൽ തുകയ്ക്കുള്ള ബയോഗ്യാസ് പ്ലാന്റ് വാങ്ങിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. പതിനാല് 0.75$m^3$ സ്പെസിഫിക്കേഷനുള്ള ബയോഗ്യാസ് പ്ലാന്റ് വാങ്ങുന്നതിനായി 1,74,300/-രൂപ Green Tech എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ടെൻഡർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള 0.65$m^3$ ബയോഗ്യാസ് പ്ലന്റ് വാങ്ങിയിരുന്നെങ്കിൽ 164500/-രൂപ മാത്രം നൽകിയാൽ മതിയായിരുന്നു. 0.75$m^3$ ബയോഗ്യാസ് പ്ലാന്റ് വാങ്ങിയത് മൂലം 9800/-രൂപ അധികമായി ചെലവഴിച്ചു. ആയതിനാൽ ടെൻഡർ സ്പെസിഫിക്കേഷനിൽ നിന്ന് വ്യതിചലിച്ച് വാങ്ങിയത് മൂലം നഷ്ടമായ 9800/-രൂപയിൽ വികസനഫണ്ടിൽ നിന്ന് ചെലവഴിച്ച 4900/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടവാക്കേണ്ടതാണ്.

## 3-7 പട്ടികജാതിയിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം - പദ്ധതി നടത്തിപ്പിൽ അപാകത 46800/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം. S001/18

പ്രോജക്ടിന്റെ പേര്. പട്ടികജാതിയിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം

അടങ്കൽ തുക . 315000/-

ചെലവായ തുക. 46800/-

ബിൽ നം/തീ . 28/Training SCyouth/S0031/17-18 28/3/18

പട്ടികജാതിയിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി 17-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിൽ 75 പേർക്ക് കമ്പ്യൂട്ടർ മെയിന്റനൻസ് സർവ്വീസ്, പേപ്പർ ബാഗ് നിർമ്മാണം, ബുക്ക് ബൈന്റിംഗ് എന്നിവയിൽ പരിശീലനം നൽകാനാണ് ലക്ഷ്യം വച്ചിരുന്നത്. പ്രസ്തുത പദ്ധതിയിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) 22/5/17ന് ഭരണാനുമതി ലഭിച്ച പദ്ധതി പ്രകാരം 31/6/17ന് മുമ്പ് പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യം വച്ചിരുന്നത്. എന്നാൽ 28/3/18ന് മാത്രമാണ് പദ്ധതി പൂർത്തീകരിച്ചത്.
2) G.O(MS)4/2016 /ത.സ്വ.ഭ.വ തീ.11/1/16 പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി പ്രത്യേകം പറഞ്ഞിട്ടുള്ള നിബന്ധനകൾ പാലിച്ച് ഗ്രാമ-ബ്ളോക്ക് പഞ്ചായത്തുകൾ പരിശീലന പരിപാടികൾ ഏറ്റെടുക്കാവുന്നതാണെന്നും പരിശീനലാർത്ഥികൾക്ക് ഗുണഭോക്തൃവിഹിതം ഉണ്ടായിരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്.(ഖ.7.10) എന്നാൽ പ്രസ്തുത പദ്ധതി പരിശീലനത്തിനായിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. മാത്രമല്ല പരിശീലനാർഥികളിൽ നിന്ന് ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടില്ല.
3) പരിശീലനാർഥികളെ ഗ്രാമസഭ തെരഞ്ഞെടുക്കണമെന്നും G.O(MS)4/2016 /ത.സ്വ.ഭ.വ തീ.11/1/16ലെ ഖ.7.10 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിക്ക് ഗ്രാമസഭ അംഗീകരിച്ച് മതിയായ ഗുണഭോക്താക്കൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ഭരണസമിതിയുടെ 8/3/18-ലെ 1/12 തീരുമാനപ്രകാരം ഭരണസമിതി അർഹരെന്ന് കണ്ടെത്തിയ 12പേരുടെ ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കുകയാണുണ്ടായത്. എന്നാൽ പ്രസ്തുത ഗുണഭോക്താക്കൾക്ക് 2017 ഒക്ടോബർ,നവംബർ മാസങ്ങളിലാണ് 25 ദിവസത്തെ പരിശീലനം നൽകിയിട്ടുള്ളത് (അറ്റൻഡൻസ് ഷീറ്റ്, പരിശീലന പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ പ്രകാരം). ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തൃപ്തികരമായ മറുപടി ലഭ്യമായില്ല.
4) ഫയൽ പരിശോധിച്ചതിൽ പ്രസ്തുത പരിശീലനം നൽകിയതിന് Centre for Management Development എന്ന് സ്ഥാപനത്തിന് ഇൻവോയിസ് നം.07/2017-18 പ്രകാരം 46,800/- രൂപ ആവശ്യപ്പെടുകയും 28/3/18 ന് പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് തുക നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പരിശീലനം നൽകുന്നതിനായി പ്രസ്തുത സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ഫയലിനൊപ്പം ലഭ്യമായില്ല. പ്രസ്തുത സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കിയില്ല.

പരിശീലനം നൽകുന്നതിനായി Centre for Management Development എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ലഭ്യമാക്കാത്തതിനാൽ പരിശീലനത്തിനായി നൽകിയ 46,800/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ അപാകത കാരണം സബ്സിഡി തുക ദുരുപയോഗം ചെയ്യപ്പെട്ടു.60000/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. എസ്'ഒ 098/18

പ്രോജക്റ്റിന്റെ പേര്. (പട്ടികവർഗത്തിൽ പെട്ട കുടുംബശ്രീ വനിതകൾക്ക് കറവപശു ലഭ്യമാക്കൽ)
നിർവ്വഹണം വെറ്റിനറി സർജൻ

അടങ്കൽ 8,00,000 (6,00,000രൂപ വികസന ഫണ്ട് + 2,00,000 രൂപ ഗുണഭോക്തൃ വിഹിതം)

ചെലവ് 4,80,000 (3,60,000 രൂപ വികസന ഫണ്ട് + 1,20,000രൂപ ഗുണഭോക്തൃ വിഹിതം)

ലക്ഷ്യങ്ങൾ:-

പട്ടികവർഗത്തിൽപ്പെട്ട 20 കുടുംബശ്രീ വനിതകൾക്ക് കറവപശു ലഭ്യമാക്കൽ. ദിവസവും 10 ലിറ്റർ പാൽ ഉൽപാദനശേഷിയുള്ള കറവപശുവിനെ വാങ്ങുന്നതിന് 40,000/- രൂപയിൽ 30,000/- രൂപ സബ്സിഡിയും 10,000/- രൂപ ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നതും ചേർത്ത് പദ്ധതി അടങ്കൽ വകയിരുത്തുന്നു.

ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ വീഴ്ചകൾ

21.07.2017 ന് ഊരുകൂട്ടം തെരഞ്ഞെടുത്ത 6 പേരടങ്ങുന്ന (ഒരു പുരുഷൻ ഉൾപ്പെടെ) ലിസ്റ്റ് 27.07.2017 ലെ I (1)-ാം നമ്പർ തീരുമാനം പ്രകാരം ഭരണസമിതി അംഗീകരിച്ചു. പദ്ധതിയിൽ വിഭാവനം ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം ഉറപ്പ് വരുത്താതെയാണ് ഇപ്രകാരം തീരുമാനം എടുത്തത്. കൂടുതൽ ഗുണഭോക്താക്കൾ അടങ്ങുന്ന ലിസ്റ്റ് ആവശ്യപ്പെട്ടുകൊണ്ട് 17.10.2017 ന് വെറ്ററിനറി സർജൻ സെക്രട്ടറിക്ക് കത്ത് നൽകിയിരുന്നു. ലിസ്റ്റിൽ അർഹരായ മതിയായ ഗുണഭോക്താക്കൾ ഇല്ലാത്തതിനാലും ടി.എസ്.പി ഫണ്ട് അടിയന്തിരമായി ചെലവഴിക്കേണ്ടതിനാലും, മെമ്പർമാർ അവതരിപ്പിച്ച വാർഡുകളിൽ നിന്നുള്ള 17 പേരുടെ അധികലിസ്റ്റ് 30.11.2017 ലെ I (9) -ാം നമ്പർ തീരുമാനം പ്രകാരം ഭരണസമിതി അംഗീകരിച്ചു. എന്നാൽ, ഈ ലിസ്റ്റിൽ ഉൾപ്പെട്ട 15-ാം വാർഡിലെ നളിനി.കെ, അജിത.എസ്.കെ, സജിത, അംബിക, ചിത്രബിന്ദു.എസ്, ശകുന്തള.റ്റി എന്നീ 6 പേർ ഗ്രാമസഭ/ഊരുകൂട്ടം തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവരാണെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. അതുകൊണ്ടു തന്നെ ഗുണഭോക്താക്കളുടെ അർഹതയ്ക്കും മുൻഗണനയ്ക്കുമുള്ള മാനദണ്ഡങ്ങൾക്ക് വ്യാപകമായ പ്രചരണം കൊടുക്കുകയോ വിൽപനക്കാരുടെ നിജസ്ഥിതി അപേക്ഷകളുടെ സൂക്ഷ്മപരിശോധനയിലൂടെ ഉറപ്പാക്കാനോ കഴിഞ്ഞിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പ്രോജക്ടുമായി ബന്ധപ്പെട്ട അപേക്ഷകളുടെ പരിശോധനയിൽ, ഒരേ കുടുംബത്തിലെ അംഗങ്ങൾ തന്നെ, വ്യത്യസ്ത സംഗതികളിൽ,പദ്ധതിയിലെ ഗുണഭോക്താവും വിൽപനക്കാരനും ആണെന്നു വ്യക്തമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനം. | ഗുണഭോക്താവിന്റെ പേരു വിവരങ്ങൾ | വിൽപനക്കാരന്റെ പേരു വിവരങ്ങൾ | വിൽപന നടന്ന തീയതി | ബിൽ നം/തീയതി ബിൽ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | സ്മിത.എൽ<br>അഞ്ജനഭവൻ<br>ഉപ്പനച്ചാൻകുഴി<br>പാണയം,പനവൂർ | സുനിത.എൻ<br>തടത്തരികത്ത് വീട്<br>പാണയം<br>പുല്ലമ്പാറ | 27.12.2017 | GP 10/17-18 dtd<br>29.12.2017<br>Rs.90,000/- | ആനന്ദൻ.ജി യുടെ ഭാര്യയാണ് ഗുണഭോക്താവ് |
| 2 | സിന്ധു,കെ<br>ഉത്രം നിവാസ്<br>പാണയം,പനവൂർ | ആനന്ദൻ.ജി<br>അഞ്ജനഭവൻ<br>ഉപ്പനച്ചാൻകുഴി<br>പാണയം,<br>പനവൂർ | 02.01.2018 | GP 22/17-18 dtd<br>08.3.2018<br>Rs.1,80,000/- | |
| 3. | അജിത.എസ്.കെ<br>ആതിര ഭവൻ<br>ഉപ്പനച്ചാൻകുഴി<br>പാണയം | അനുപ്രിയ.എസ്എസ്<br>ശ്യാം വിലാസം,<br>വരയിടിഞ്ഞകുഴി,<br>പനവൂർ | 11.1.2018 | GP 22/17-18 dtd<br>08.3.2018<br>Rs.1,80,000/- | |
| 4 | ശകുന്തള.റ്റി<br>ശ്യാം വിലാസം,<br>വരയിടിഞ്ഞകുഴി,<br>പനവൂർ | പ്രദീപ്.വി,എസ്<br>തടത്തരികത്ത് വീട്<br>നാരകത്തിൻകാല<br>വിതുര | 16.2.2018 | GP 25/17-18 dtd<br>24.3.2018<br>Rs.90,000/- | അനുപ്രിയ.എസ്എസ് ന്റെ അമ്മയാണ് ഗുണഭോക്താവ് |

പഞ്ചായത്ത് പ്രസിഡന്റ് (വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ), വെറ്ററിനറി സർജൻ, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ എന്നിവർ ഉൾപ്പെട്ട പർച്ചേസ് കമ്മിറ്റി പശുക്കളെ കണ്ട് ബോധ്യപ്പെടുകയും ഗുണനിലവാരം ഉറപ്പ് വരുത്തുകയും ചെയ്തതായും ഗുണഭോക്താക്കൾക്ക് പശുക്കളെ വാങ്ങാൻ അനുമതി നൽകിയതായും (തീയതി

ലഭ്യമല്ല) ഫയലിൽ സൂചിപ്പിച്ചിട്ടുണ്ട്.

യഥാർത്ഥത്തിൽ ആനുകൂല്യം വേണ്ടിയിരുന്ന ഗുണഭോക്താക്കളെ കണ്ടെത്തുന്നതിൽ ഗ്രാമസഭ/ ഊരുകൂട്ടം മതിയായ ശ്രദ്ധ പുലർത്താത്തതു നിമിത്തം ഗുണഭോക്താക്കൾ/വിൽപനക്കാർ അന്യായമായി സബ്സിഡി കൈവശമാക്കി. കൂടാതെ പദ്ധതിയുടെ നിർവഹണഘട്ടത്തിൽ മോണിറ്ററിങ്ങ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിങ്ങ് ഗ്രൂപ്പും വീഴ്ച വരുത്തി.

പഞ്ചായത്തിൽ നിന്നും സബ്സിഡി നേടിയ ശേഷം മറ്റൊരു പശുവിനെ ഇതേ പദ്ധതിയിലെ ഗുണഭോക്താവിന് വിറ്റതിലൂടെ അർഹരായ മറ്റ് ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ടിയിരുന്ന ആനുകൂല്യം ദുർവിനിയോഗം ചെയ്തതായി വ്യക്തമായിട്ടുള്ളതിനാൽ 60,000/- രൂപ (2x30,000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 ആട് വളർത്തൽ പദ്ധതികൾ- പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് നം. എസ്ഭ 096/18 (കുടുംബശ്രീ വനിതകൾക്ക് ആടു വളർത്തൽ)

ആകെ അടങ്കൽ 12,00,000/- രൂപ (6,00,000 രൂപ ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ)

ചെലവ് 12,00,000/- രൂപ

തിരഞ്ഞെടുക്കപ്പെട്ട വനിതകൾക്ക് 8,000/-രൂപ വീതം വിലയുള്ള 2 പെണ്ണാടുകളെ ലഭ്യമാക്കാനാണ് വിഭാവനം ചെയ്തത്. 8,000/- രൂപ പഞ്ചായത്ത് ധനസഹായമായി നൽകുകയും 8,000/- രൂപ ഗുണഭോക്താവ് നേരിട്ട് ചെലവാക്കുകയും ചെയ്യുന്നു. പഞ്ചായത്തിലെ പാൽ-മാംസ ഉത്പാദനം വർദ്ധിപ്പിക്കുകയും വനിതകളുടെ വരുമാനം മെച്ചപ്പെടുത്തുകയുമാണ് ലക്ഷ്യങ്ങൾ.

പ്രോജക്ട് നം.എസ്ഭ 097/18 (പട്ടികജാതിയിൽപ്പെട്ട കുടുംബശ്രീ വനിതകൾക്ക് ആടു വളർത്തൽ)

തിരഞ്ഞെടുക്കപ്പെട്ട വനിതകൾക്ക് 8,000/- രൂപ വീതം വിലയുള്ള 2 പെണ്ണാടുകളെ ലഭ്യമാക്കാനാണ് വിഭാവനം ചെയ്തത്. 12,000/- രൂപ പഞ്ചായത്ത് ധനസഹായമായി നൽകുകയും 4,000/-രൂപ ഗുണഭോക്താവ് നേരിട്ട് ചെലവാക്കുകയും ചെയ്യുന്നു. പഞ്ചായത്തിലെ പാൽ-മാംസ ഉത്പാദനം വർദ്ധിപ്പിക്കുകയും വനിതകളുടെ വരുമാനം മെച്ചപ്പെടുത്തുകയുമാണ് ലക്ഷ്യങ്ങൾ.

2017-18 വർഷത്തെ പദ്ധതി മാർഗരേഖ (ജി.ഒ (എംഎസ്) 72/2017 തീയതി 29.03.2017)യിൽ പാൽ,മുട്ട,മാംസം എന്നിവയുടെ ഉൽപാദനത്തിൽ സ്വയംപര്യാപ്തത നേടേണ്ടതിലേക്ക് മുഖ്യതൊഴിലായോ ഉപതൊഴിലായോ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് മുൻഗണന നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പർച്ചേസ് കമ്മിറ്റി രൂപീകരിച്ച് പൊതുമാർക്കറ്റിൽ നിന്നും നേരിട്ടല്ല ആടുകളെ വാങ്ങിയത്. ഏതാനും ഗുണഭോക്താക്കൾ പഞ്ചായത്തിനുള്ളിൽ തന്നെയുള്ള വ്യക്തികളിൽ നിന്നും നേരിട്ട് ആടുകളെ വാങ്ങിയതായി പരിശോധനയിൽ വ്യക്തമായി. പഞ്ചായത്ത് പരിധിയിലെ ആടുകളുടെ എണ്ണം വർദ്ധിക്കാത്തതിനാൽ പാൽ-മാംസ ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല.

വ്യക്തികൾ,ഗ്രൂപ്പുകൾ,സ്ഥാപനങ്ങൾ,ഗുണഭോക്തൃ സമിതികൾ എന്നിവർ (ഗുണഭോക്താവ്) നേരിട്ട് വാങ്ങിക്കുന്ന സംഗതികളിൽ (സ്ഥലം ഉൾപ്പെടെ) നിർവഹണ ഉദ്യോഗസ്ഥൻ വ്യക്തിപരമായി പരിശോധിച്ച് ഗുണനിലവാരവും അനുയോജ്യതയും ഉറപ്പാക്കി സാക്ഷ്യപ്പെടുത്തിയതിനു ശേഷമാണ് സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് അടയ്ക്കേണ്ടത് എന്ന് സബ്സിഡി മാർഗരേഖയിലെ പൊതുനിബന്ധനകളിൽ (2.8) വ്യക്തമാക്കിയിട്ടുണ്ട്. പരിശോധന നടത്തി അനുയോജ്യത ഉറപ്പാക്കിയിരുന്നുവെന്ന് വെറ്ററിനറി സർജൻ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ അറിയിച്ചുവെങ്കിലും പഞ്ചായത്ത് പരിധിയിലെ ക്ഷീര-മാംസ ഉൽപാദന വർദ്ധനവിന് സഹായകമാകേണ്ട പ്രസ്തുത പദ്ധതികളിൽ ഭൂരിഭാഗം മൃഗങ്ങളുടെയും വിൽപന നടന്നിട്ടുള്ളത് പഞ്ചായത്തിനുള്ളിൽ നിന്നു തന്നെയാണെന്ന് ഫയൽ പരിശോധനയിൽ വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി മാർഗരേഖയിലെ ലക്ഷ്യങ്ങൾ കൈവരിക്കാൻ പ്രസ്തുത നടപടി സഹായകമല്ല.

ഒരേ മേൽവിലാസത്തിൽ താമസിക്കുന്നവരുൾപ്പെടെ,ബന്ധുക്കൾ തമ്മിലുള്ള വിൽപന നടന്നതായി ഫയൽ പരിശോധനയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രോജക്റ്റ് നം. | ഗുണഭോക്താവിന്റെ പേരു വിവരങ്ങൾ | വിൽപനക്കാരന്റെ പേരു വിവരങ്ങൾ | റിമാർക്സ് |
|---|---|---|---|---|
| 1 | എസ്‌ഒ 096/18 | ശ്രീമതി.ഓമനയമ്മ.എസ്, പടിഞ്ഞാറ്റിൻകര പുത്തൻവീട് പാണയം,പനവൂർ | ശ്രീമതി.ശാന്തമ്മ.എസ്, പടിഞ്ഞാറ്റിൻകര പുത്തൻവീട് പാണയം,പനവൂർ | കുടുംബാംഗങ്ങൾ |
| 2 | എസ്‌ഒ 096/18 | ശ്രീമതി.ബേബി.എസ്, പള്ളിവിള വീട്,പനവൂർ | ശ്രീമതി.ഷൈനി.ബി, പള്ളിവിള വീട്,പനവൂർ | മകൾ |
| 3 | എസ്‌ഒ 097/18 | ശ്രീമതി.കെ.ഉഷ ഏരുമല കിഴക്കുംകര പുത്തൻവീട്, പാണയം,പനവൂർ | ശ്രീമതി.സുജ.യു ഏരുമല കിഴക്കുംകര പുത്തൻവീട്, പാണയം,പനവൂർ | മകൾ |
| 4 | എസ്‌ഒ 097/18 | ശ്രീമതി. ഓമന.പി കുന്നംപുറത്ത് വീട് ഏരുമല,പാണയം | ശ്രീമതി.അനിത.ഒ കുളപ്പറ കുന്നിൽവീട് ഏരുമല,പാണയം | മകൾ |
| 5 | എസ്‌ഒ 097/18 | ശ്രീമതി.ഇന്ദിര.കെ കുന്നംപുറത്ത് വീട് ഏരുമല,പാണയം | ശ്രീമതി.ശ്രീജ.റ്റി കുന്നംപുറത്ത് വീട് ഏരുമല,പാണയം | മരുമകൾ |
| 6 | എസ്‌ഒ 097/18 | ശ്രീമതി.ശാന്ത.പി പ്രീതാഭവൻ പാണയം | ശ്രീമതി.പ്രീത.എസ് സി.എസ്.ഭവനം പരുത്തിക്കുഴി | മകൾ |
| 7 | എസ്‌ഒ 097/18 | ശ്രീമതി.അംബിക.റ്റി.എസ് എ.കെ ഭവൻ പാണയം | ശ്രീമതി.കെ.തങ്കമ്മ കുന്നിൽവീട്,പാണയം | അമ്മ |

## 3-10 മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നില്ല. 3,55,991/-രൂപ തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്ത് വിവിധ പ്രോജക്ടുകളിലായി വാങ്ങാൻ ലക്ഷ്യമിട്ടിരുന്ന മരുന്നുകൾ വിതരണം ചെയ്യുന്നതിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ വീഴ്ച വരുത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രോജക്ട് നം./ പേര് | ചെലവ് | ലഭ്യമായ മരുന്നുകളുടെ വില(രൂപ) | ഇനി ലഭ്യമാകാനുള്ളത് (രൂപ) |
|---|---|---|---|---|
| 1 | 80/18 (പ്രാഥമികാരോഗ്യകേന്ദ്രത്തിൽ മരുന്ന് ലഭ്യമാക്കൽ | 4,52,000 | 3,01,167 | 1,50,833 |
| 2 | 82/18(പാലിയേറ്റീവ് കെയർ പദ്ധതി) | 3,31,000 | 1,66,290 | 1,64,710 |
| 3 | 84/18(ST കോളനികളിൽ മെഡിക്കൽ ക്യാമ്പ് | 72,800 | 32,352 | 40,448 |
| | | | ആകെ | 3,55,991 |

പ്രസ്തുത പദ്ധതികളിൽ മരുന്ന് ലഭ്യമാക്കാനായി 2017 ഓഗസ്റ്റ്, ഒക്ടോബർ മാസങ്ങളിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് പണം കൈമാറിയെങ്കിലും ഒരു വർഷത്തോളം വൈകി 2018 ജൂൺ,ജൂലൈ,ഓഗസ്റ്റ് മാസങ്ങളിലാണ് മേൽപ്പറഞ്ഞ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കിയതെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ മെഡിക്കൽ ഓഫീസർ അറിയിച്ചു.

രോഗികൾക്ക് അത്യാവശ്യം വേണ്ട മരുന്നുകൾ ലഭ്യമാകാത്തതു നിമിത്തം ഗ്രാമപഞ്ചായത്ത് പ്രാഥമികാരോഗ്യകേന്ദ്രത്തിലൂടെ നടത്തുന്ന പൊതുജനാരോഗ്യ പദ്ധതികൾക്ക് ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതി നിർവഹണ ഘട്ടത്തിൽ മോണിറ്ററിങ്ങ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിങ്ങ് ഗ്രൂപ്പോ മേൽനോട്ടം വഹിക്കേണ്ട സ്റ്റാന്റിങ്ങ് കമ്മിറ്റിയോ ഈ വിഷയത്തിൽ നടപടികളൊന്നും എടുത്തിട്ടില്ലായെന്ന് മിനിട്സുകളുടെ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ബാക്കിയുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. ആയതിനാൽ, 3,55,991/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-11 വൃദ്ധർക്ക് കട്ടിൽ വാങ്ങൽ അപാകങ്ങൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യാഗസ്ഥൻ ആയി ഗ്രാമപ്പഞ്ചായത്ത് നടപ്പാക്കിയ വൃദ്ധർക്ക് കട്ടിൽ വാങ്ങൽ (ജനറൽ), വൃദ്ധർക്ക് കട്ടിൽ വാങ്ങൽ (എസ് സി) എന്നീ പദ്ധതികളിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ ഉണ്ട്.

1)വൃദ്ധർക്ക് കട്ടിൽ വാങ്ങൽ (ജനറൽ)

29.08.2017 ലെ ദർഘാസ് പരസ്യം നമ്പർ ഐ.സി.ഡി.എസ്/01/2017 പ്രകാരം നിശ്ചിത അളവിലുള്ള കട്ടിലുകൾ ഗുണനിലവാരമുള്ള തടിയിൽ തീർത്തത് ലഭ്യമാക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഇതിൻ പ്രകാരം ഏറ്റവും കുറഞ്ഞ വില ക്വാട്ട് ചെയ്തത് ഒരു കട്ടിലിന് 3,299/- രൂപ തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സ് ആണ്. എന്നാൽ പ്രോക്യുർമെന്റ് കമ്മിറ്റി ശുപാർശ അനുസരിച്ച് 30.10.2017 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം I (1) പ്രകാരം അക്വേഷ്യ തടിയിൽ തീർത്ത കട്ടിലുകൾ ആണ് വേണ്ടത് എന്ന് തീരുമാനിച്ചു. അതിൻ പ്രകാരം തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സിനോട് 3,299/- രൂപ നിരക്കിൽ അക്വേഷ്യ കട്ടിലുകൾ ലഭ്യമാക്കാൻ

ആവശ്യപ്പെട്ടുവെങ്കിലും ഈ തുകയ്ക്കു അത് ലഭ്യമാക്കാൻ കഴിയില്ലെന്ന് അവർ മറുപടി നല്കി. 03.11.2015 ലെ സർക്കാർ ഉത്തരവ് നമ്പർ ജി ഒ (എം എസ്) നമ്പർ 86/2015/എഫ് & ഡബ്ള്യു.എൽ.ഡി പ്രകാരം ആഞ്ഞിലിയുടെ വിലയേക്കാൾ കുറവാണ് അക്വേഷ്യയുടെ വില. എന്നാൽ അത് പരിഗണിക്കാതെയാണ് ആഞ്ഞിലിയിൽ തീർത്ത കട്ടിലിന് ക്വാട്ട് ചെയ്ത അതേ വിലയ്ക്ക് അക്വേഷ്യയിൽ തീർത്ത കട്ടിലുകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത്. തുടർന്ന് രണ്ടാമത്തെ കുറഞ്ഞ വിലയായ 3,499/- രൂപയ്ക്ക് ആഞ്ഞിലിയിൽ തീർത്ത കട്ടിലിന് ക്വാട്ട് ചെയ്ത ടൈടെക്ക് ട്രേഡേഴ്സിനോട് അക്വേഷ്യ കട്ടിലുകൾ ലഭ്യമാക്കാൻ ആവശ്യപ്പെടുകയും 3,460/- രൂപയ്ക്ക് കട്ടിലുകൾ വാങ്ങുകയും ചെയ്തു. ഇതിലും കുറഞ്ഞ വിലയ്ക്ക് തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സിന് അക്വേഷ്യയിൽ തീർത്ത കട്ടിലുകൾ ലഭ്യമാക്കാൻ കഴിയുമോയെന്ന് പരിശോധിച്ചിട്ടില്ല.

2)വൃദ്ധർക്ക് കട്ടിൽ വാങ്ങൽ (എസ്.സി)

മേൽ സൂചിപ്പിച്ച പ്രകാരം തന്നെ ഈ പദ്ധതിക്കും കട്ടിലുകൾ നല്കാൻ തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സിനോട് ആവശ്യപ്പെടുകയും അവർ അത് നിരാകരിക്കുകയും ചെയ്തു. തുടർന്ന് ബ്രാൻറ്സ് ഇന്റീരിയേഴ്സിൽ നിന്ന് 3,460/- രൂപയ്ക്ക് കട്ടിലുകൾ വാങ്ങി. രണ്ടാമത്തെ കുറഞ്ഞ വിലയായ 3,499/- രൂപ ക്വാട്ട് ചെയ്ത ടൈടെക്ക് ട്രേഡേഴ്സിനെ മറികടന്നാണ് മൂന്നാമത്തെ കുറഞ്ഞ വിലയായ 3,611/- രൂപ ക്വാട്ട്ചെയ്ത ബ്രാൻറ്സ് ഇന്റീരിയേഴ്സിൽ നിന്ന് കട്ടിലുകൾ വാങ്ങിയത്. ഇത്തരം പദ്ധതികൾ തയ്യാറാക്കുമ്പോൾ ടെണ്ടർ പരസ്യത്തിൽത്തന്നെ കൃത്യമായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തേണ്ടതും ഗുണമേന്മ നിർണ്ണയിക്കാൻ അധികാരപ്പെട്ടവരിൽ നിന്നും അത് സംബന്ധിച്ച വിവരം തേടാൻ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-12 വാഹനപരിപാലനം സംബന്ധിച്ച രേഖകൾ പരിപാലിക്കുന്നില്ല

1)ഗ്രാമപഞ്ചായത്തിന്റെ കെ എൽ 21 സി 1122 എന്ന ബൊലീറോ വാഹനത്തെ സംബന്ധിച്ച് കേരളാ ഫൈനാൻഷ്യൽ കോഡ് വാല്യം II ൽ പ്രതിപാദിക്കുന്ന ഫാറം 48 എ ( സമ്മറി ഓഫ് ലോഗ്ബുക്ക്), ഫാറം 48 സി ( മെയിന്റനൻസ് ആന്റ് റിപ്പയർസ് അക്കൗണ്ട്) എന്നീ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.

2)ഓരോ മാസത്തിന്റെയും അവസാനം സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

3)ഇന്ധനക്ഷമത സംബന്ധിച്ച സാക്ഷ്യപത്രം ഇല്ല.

4)വിവിധ യാത്രകൾ നിർവ്വഹിച്ച ഉദ്യോഗസ്ഥർ അവർ യാത്ര ചെയ്തിട്ടുണ്ട് എന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
20017 ജൂൺ 30 ലെ സ.ഉ.(കൈ)170/07/തസ്വഭവ സർക്കുലർ ഉത്തരവിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 20400 | ജൈവസമൃദ്ധി | 20400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 20400 | ജൈവസമൃദ്ധി | 20400 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | ക്ഷീരസമൃദ്ധി | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 275000 | ക്ഷീരസമൃദ്ധി | 275000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 2000000 | മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പ്രോജക്ട് | 2000000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 165625 | മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പ്രോജക്ട് | 165625 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | പാലിയേറ്റിവ് കെയർ | 200000 | 0 |

B4 ഷെഡ്യൂളിൽ സംയുക്ത പ്രോജക്ടുകൾക്കുള്ള ബ്ലോക്ക് വിഹിതമായി 24936/- നീക്കിയിരിപ്പുണ്ട്. മുൻവർഷങ്ങളിലെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയതുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 24000000 | 2400000 | 0 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 1202000 | 1202000 | 0 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 413000 | 413000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

2017-18 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭ ത്തിൽ തിരിച്ച | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം തിരി ച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | | ടയ്യാൻ ബാക്കി യുണ്ടായിരുന്ന തുക | | | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | സ.ഉ(സാധാ) നമ്പർ 273/2010 തസ്വഭവ തീയതി 27.01.2010 | 13743000 | 4122900 | 1374300 | 0 | 2748600 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യാഗപ്പേരും | രസീത് നം/ തീയതി |
|---|---|---|---|---|---|
| വിവരം ലഭ്യമാക്കിയിട്ടില്ല. | | | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

2017-18 സാമ്പത്തിക വർഷത്തിൽ സർ ചാർജിനത്തിൽ 8299/- രൂപ ഈടാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | തുക | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 1 | 12-13 | 3-3 | 6666 | 117140100452/11.10.2017 |
| 2 | 15-16 | 3-8 | 1633 | 117060400001/22.03.2018 |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 73914595 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69917190 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 124164/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 462791 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 19100 | ബുഹാരി, ഹെഡ്മാസ്റ്റർ |
| 3-3 | 85432 | രമാകുമാരി.കെ.ആർ, അസി. എൻജിനീയർ |
| 3-4 | 14732 | രമാകുമാരി.കെ.ആർ അസി. എൻജിനീയർ |
| 3-6 | 4900 | പ്രേംകുമാർ.വി.ഇ.ഒ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 46800 | ശ്രീ.പ്രേംകുമാർ, വി.ഇ.ഒ |
| 3-8 | 60000 | ശ്രീ.മനു.പി രവീന്ദ്രൻ, വെറ്ററിനറി സർജൻ |
| 3-10 | 35599 | ശ്രീമതി.പ്രീത.എസ്.ആർ, മെഡിക്കൽ ഓഫീസർ,പി എച്ച്.സി |

(ഡി) കേന്ദ്രസംസ്ഥാന സർക്കാരുകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും,സ്ഥിരം മേൽവിലാസങ്ങളും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.രമാകുമാരി.കെ.ആർ, അസി.എഞ്ചിനീയർ | അസി,എഞ്ചിനീയർ,LSGD, വിളക്കുടി | കൃഷ്ണ കൃപ,സുവർണ്ണ നഗർ കുളപ്പട(പി.ഒ)ആര്യനാട്. |
| ശ്രീമതി.പ്രീത എസ്.ആർ | മെഡിക്കൽ ഓഫീസർ | എസ്.വി.സദനം,ശാന്തി വിള,നേമം.പി.ഒ, |
| ശ്രീ.ബുഹാരി.കെ | ഹെഡ്മാസ്റ്റർ ഗവ.യു.പി എസ്. മണക്കാട് | ബി.എസ് നിവാസ്, താളിക്കുഴി.പി.ഒ പുളിമാത്ത് |
| ശ്രീ.പ്രേംകുമാർ | വി.ഇ.ഒ | പ്രമീളാലയം,കുതിരക്കുളം, വെള്ളനാട് |
| ശ്രീ.മനു.പി.രവീന്ദ്രൻ | വെറ്ററിനറി സർജൻ | കളത്തിൽ ഹൗസ്, ഉണ്ടത്തിൽ.പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷി ക്കുന്ന ഖണ്ഡിക കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /946/18 തീയതി. 17.05.18 | 3-8, 3-9 | |
| 2002-03 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /946/18 തീയതി. 17.05.18 | 3-7, 4-14(a), 4-14(b)(1), 4-14(b)(2) | |
| 2003-04 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /946/18 തീയതി. 17.05.18 | 2-4, 3-8, 3-10, 3-12, 3-13 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /946/18 തീയതി. 17.05.18 | 3-1(1), 3-1(2), 3.(4), 3-6, 4-8 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /946/18 തീയതി. 17.05.18 | 3-7(3) മുതൽ 3-7(13) വരെ | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /946/18 തീയതി. 17.05.18 | 4-9 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /1260/18 തീയതി. 13.06.18 | 2.2, 3.7 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /1260/18 തീയതി. 13.06.18 | 2-1, 2-3, 3-4, 3-7 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /1260/18 തീയതി. 13.06.18 | 3-2, 3-8 (D) | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /1260/18 തീയതി. 13.06.18 | 2-1, 2-2, 2-3 | |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /1260/18 തീയതി. 13.06.18 | 2-1, 2-3(2), 3-2(1 to 6, 7), 3-4, 3-6(2), 3-9 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /1260/18 തീയതി. 13.06.18 | 2-4, 3-1, 3-2,3-3 | |

| | | | |
|---|---|---|---|
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /1260/18 തീയതി. 13.06.18 | 3-2, 3-7 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /1260/18 തീയതി. 13.06.18 | 2-4, 2-6, 3-2, 3-3(6), 3-3(7), 3-5, 3-6, 3-7 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /2009/16 | 2-1, 2-2, 2-3, 2-4, 2-5, 2-6, 3-2, 3-3, 3-4, 3-5, 3-6, 3-8 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6 /1918/18 തീയതി. 12.10.18 | 2-4, 2-5, 2-6, 3-1, 3-2,3-3(2), 3-5, 3-6, 3-7, 3-9, 3-11, 3-13, 3-14 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും ചുവടെചേർത്തിരിക്കുന്ന പരാമർശങ്ങളും ഒഴികെ എന്റെ അഭിപ്രായത്തിൽ പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.